**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** **18-03-2022 - ല്‍ മറുപടിയ്ക്ക്**

**വെള്ളിക്കുളങ്ങര വില്ലേജിലെ കുടുംബങ്ങള്‍ക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രന്‍ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ ചാലക്കുടി ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള വെള്ളിക്കുളങ്ങര വില്ലേജിലെ നായാട്ടുകുണ്ട് ദേശത്തെ ഇരുന്നൂറിലധികം കുടുംബങ്ങള്‍ക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷയില്‍ 1991 ല്‍ സംയുക്ത പരിശോധന നടത്തുകയും ജെ.വി.ആര്‍., സ്കെച്ച്, മഹസ്സര്‍ എന്നിവ ഉള്‍പ്പെടെ റിപ്പോര്‍ട്ട് സമര്‍പ്പിച്ചുവെങ്കിലും പട്ടയം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | പട്ടയം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | സംയുക്ത പരിശോധന പൂര്‍ത്തിയാക്കി അനുകൂല റിപ്പോര്‍ട്ട് സമര്‍പ്പിച്ച് ഏറെ വര്‍ഷങ്ങള്‍ പിന്നിട്ട സാഹചര്യത്തില്‍ അര്‍ഹരായ മുഴുവന്‍ പേര്‍ക്കും പട്ടയം നല്‍കുന്നതിനും ഇവര്‍ക്ക് ലൈഫ് പദ്ധതി പ്രകാരം വീടുകള്‍ നിര്‍മ്മിക്കുന്നതിന് വനംവകുപ്പിന്റെ എന്‍.ഒ.സി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | (ബി) | സംയുക്ത പരിശോധന പൂര്‍ത്തിയാക്കിയ എല്ലാ അപേക്ഷകരുടെയും ലിസ്റ്റും സംയുക്ത പരിശോധനാ റിപ്പോര്‍ട്ടും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ടി അപേക്ഷകര്‍ക്ക് പട്ടയം അനുവദിക്കുന്നതിന് ജി.പി.എസ് സര്‍വ്വെ നടത്തി പട്ടയ സ്കെച്ച് തയ്യാറാക്കി കേന്ദ്രാനുമതിയ്ക്കായി നടപടി സ്വീകരിക്കേണ്ടതും പട്ടയം അനുവദി ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും റവന്യൂ വകുപ്പാണ്. ലൈഫ് പദ്ധതി പ്രകാരം വീടുകള്‍ നിര്‍മ്മിക്കുന്നതിന് വനം വകുപ്പിന്റെ എന്‍.ഒ.സിയ്ക്കായി അപേക്ഷിക്കുന്നവരില്‍ പട്ടയം ലഭ്യമായിട്ടുള്ള അപേക്ഷകര്‍ക്ക് അവരുടെ ഭൂമി സര്‍വ്വെ നടത്തി എന്‍. ഒ. സി അനുവദിച്ച് നല്‍കാറുണ്ട്. |

സെക്ഷന്‍ ഓഫീസര്‍